**MUSIC FOR LIFE**

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Track - 08

# സ്നേഹത്താൽ ധന്യരാകൂ

രചന : Cherian Kunianthodath   സംഗീതം : Jerry Amaldev

ആലാപനം : Joseph J. Palackal & Kalyani Menon

സ്നേഹത്താൽ ധന്യരാകൂ
തങ്ങളിൽ സ്നേഹിച്ചു ധന്യരാകൂ (2)
നാഥാ നിൻ തിരുവാക്യങ്ങൾ
ഞങ്ങൾ തൻ അകതാരിൽ
മന്ത്രമധുരം മുഴങ്ങിടുന്നു
മന്ത്രമധുരം മുഴങ്ങിടുന്നു (സ്നേഹത്താൽ)

ഏതു തൃക്കൈകളാൽ
ശിഷ്യഗണങ്ങൾ തൻ
പാദം കഴുകിത്തുടച്ചു (2)
ആ ദയാ ഹസ്തങ്ങൾ
സ്നേഹശുശ്രൂഷ തൻ
മാതൃക കാട്ടി ജയിപ്പൂ
പാരിനു മാതൃക കാട്ടി ലസിപ്പൂ
(സ്നേഹത്താൽ)

അസ്വസ്ഥമാകും
ഹൃദയങ്ങളിൽ ഭവാൻ
സ്വച്ഛമാം ശാന്തി പകർന്നു (2)
നിർഭയരാക്കുക
ഞങ്ങളെ നിൻവഴി
നിത്യപ്രഭാമയമല്ലോ
സ്നേഹത്തിൽ നിത്യപ്രഭാപൂരമല്ലോ
(സ്നേഹത്താൽ)

www.TheCMSIndia.org